(ബി) 82 സബ്സ്റ്റേഷനുകളാണ് പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

2004-05 സാമ്പത്തിക വർഷത്തിൽ തീർക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സബ്സ്റ്റേഷനുകൾ.

220	കെ. വി. സബ്സ്റ്റേഷൻ	. . 2
110	കെ. വി. സബ്സ്റ്റേഷൻ	. . 4
66	കെ. വി. സബ്സ്റ്റേഷൻ	. . 3
33	കെ. വി. സബ്സ്റ്റേഷൻ	. . 7

2005-06 സാമ്പത്തിക വർഷത്തിൽ തീർക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സബ്സ്റ്റേഷനുകൾ.

220	കെ. വി. സബ്സ്റ്റേഷൻ	. . 3
110	കെ. വി. സബ്സ്റ്റേഷൻ	. . 6
66	കെ. വി. സബ്സ്റ്റേഷൻ	. . 5
33	കെ. വി. സബ്സ്റ്റേഷൻ	. . 52

ബേപ്പൂർ നിയോജകമണ്ഡലത്തിലെ സബ്സ്റ്റേഷന്റെ നിർമ്മാണം

42 [360] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ രാമനാട്ടുകരയിൽ സ്ഥാപിക്കാൻ തീരുമാനിച്ച 33 കെ. വി. സബ്സ്റ്റേഷന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) സബ്സ്റ്റേഷന്റെ നിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) രാമനാട്ടുകര 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി 0.4182 ഹെക്ടർ സ്ഥലം 14-1-2002-ന് ഏറ്റെടുത്തു. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള കരാർ, ടേൺ കീ അടിസ്ഥാനത്തിൽ കൊൽക്കത്തയിലെ ആൻഡ്രൂ യൂൾ ആന്റ് കമ്പനി ലിമിറ്റഡിന് 25-4-2000-ൽ നൽകിയെങ്കിലും നാളിതു വരെയായിട്ടും നിർമ്മാണ പ്രവർത്തികൾ തുടങ്ങിയിട്ടില്ല. പണി ഉടനടി ആരംഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചേളാരി-രാമനാട്ടുകര സിംഗിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതിനെതിരായി ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ മുമ്പാകെ കേസും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പന്തളം 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം

43 [361] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പന്തളം 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി ആന്റ് സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പന്തളം ഗ്രാമപഞ്ചായത്തിൽനിന്നും സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് മറ്റു നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഇടപ്പോൺ 220 കെ. വി. സ്റ്റേഷൻ

44 [362] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പോൺ 220 കെ. വി. സ്റ്റേഷൻ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly